പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1510 **01-07-2026-ൽ മറുപടിയ്ക്ക്**

ചെറുകിട സംരംഭങ്ങളുടെ ജി.എസ്.ടി. ബാധ്യതയും ലോട്ടറി ക്ഷേമ പദ്ധതികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) ചെറുകിട ഹോംസ്റ്റേകൾ, സർവീസ്ഡ് വില്ലകൾ, കുടുംബ അധിഷ്ഠിത ടൂറിസം സംരംഭങ്ങൾ എന്നിവയ്ക്കും സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾക്കും ജി.എസ്.ടി. ബാധ്യതയും രജിസ്ട്രേഷൻ നടപടികളും വലിയ സാമ്പത്തിക ഭാരവും ബുദ്ധിമുട്ടുകളും സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ഇളവുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

മറുപടി: ചരക്ക് സേവന നികുതി നിയമത്തിലെ നിലവിലെ വ്യവസ്ഥകൾ പ്രകാരം വാർഷിക വിറ്റുവരവ് നിശ്ചിത പരിധിയിൽ താഴെയുള്ളവർക്ക് രജിസ്ട്രേഷൻ ബാധ്യതകളിൽ നിന്നും ഇളവ് ലഭ്യമാണ്.

ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 22 പ്രകാരം, വാർഷിക വിറ്റുവരവ് (Aggregate Turnover) ഒരു സാമ്പത്തിക വർഷം 20 ലക്ഷം രൂപയിൽ കൂടുതലുള്ള സേവന ദാതാക്കൾക്കും, 40 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നവർക്കും മാത്രമേ നിർബന്ധമായും ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കുവാനുള്ള ബാധ്യതയുള്ളൂ. വിറ്റുവരവ് ഈ പരിധിയിൽ താഴെയുള്ള ചെറുകിട സംരംഭങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമല്ലാത്തതിനാൽ അവർക്ക് നികുതി ബാധ്യത ഉണ്ടാകുന്നില്ല. എന്നാൽ, നിയമത്തിലെ വകുപ്പ് 24 ൽ ഉൾപ്പെടുന്ന വിഭാഗക്കാർക്ക് വിറ്റുവരവ് പരിധി ബാധകമല്ലാതെ രജിസ്ട്രേഷൻ നിർബന്ധമാണ്. ജി.എസ്.ടി. നിയമത്തിൽ നിശ്ചയിച്ചിട്ടുള്ള വാർഷിക വിറ്റുവരവ് പരിധി ഉയർത്തുവാൻ ജി.എസ്.ടി. കൗൺസിലിന്റെ അനുമതി ആവശ്യമാണ്.

(ബി) സംസ്ഥാന ലോട്ടറി വിൽപ്പനക്കാർ നേരിടുന്ന വരുമാനക്കുറവും ഓൺലൈൻ ചൂതാട്ട പ്ലാറ്റ്ഫോമുകളുടെ വ്യാപനവും പരിഗണിച്ച് ലോട്ടറി ഏജന്റുമാരുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനോ ക്ഷേമപദ്ധതികൾ വിപുലീകരിക്കുന്നതിനോ വേണ്ടിയുള്ള പദ്ധതികൾ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: ചരക്ക് സേവന നികുതി നിരക്ക് 28% ൽ നിന്നും 40% ആക്കിയപ്പോൾ ആയതിന് അനുപാതികമായി ഏജന്റ് കമ്മീഷനിൽ (discount) കുറവ് വരുത്തിയിരുന്നു. ജി.എസ്.ടി. 28% ആയിരുന്നപ്പോൾ ഏജന്റ് കമ്മീഷൻ 22.5% ആയിരുന്നു. ജി.എസ്.ടി. 40% ആക്കിയപ്പോൾ ആയത് 22% ആയി കുറവു വരുത്തേണ്ടതായി വന്നു. സമ്മാനഘടന പരിഷ്ക്കരിക്കുന്ന വേളയിൽ ഏജന്റ് കമ്മീഷൻ പുന:ക്രമീകരണം നടത്തുന്ന കാര്യം പരിശോധിക്കാവുന്നതാണെന്ന് കാണുന്നു.

കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് വഴി നിലവിൽ അംഗങ്ങൾക്ക് വിപുലമായ ക്ഷേമപദ്ധതികൾ നൽകിവരുന്നുണ്ട്. ഓണം ബോണസ്, ഉത്സവബത്ത, ചികിത്സാ സഹായം. വിവാഹ ധനസഹായം, പെൻഷൻ, അംഗങ്ങളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ തുടങ്ങിയ വിവിധ ആനുകൂല്യങ്ങൾ ബോർഡ് കൃത്യമായി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, അംഗപരിമിതരായ ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്ക് ടൈ-സ്കൂട്ടർ വിതരണം, ഭവനരഹിതരായ ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തിക്കൊണ്ട് നിലവിലുള്ള ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ജനകീയമായ പുതിയ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള കാര്യങ്ങൾ ബോർഡിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ